DESPATCHED
28/12/21...

07/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP.No.1266(4)/2015/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8104/SIC-Gen 2/2015**
**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**
(തീയതി 07.12.2021)

ശ്രീ. ദിലീപ് ഒ.എസ്,
ഉണക്കപ്പാറ,
കോവിൽമല പി.ഒ,
ഇടുക്കി. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
കാഞ്ചിയാർ, ഇടുക്കി- 685 511.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്,
ഇടുക്കി. — എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 03.09.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും വിവരങ്ങളും ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ ടിയാന് നൽകേണ്ടതാണെന്നും, ഇവ നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ

എസ്.പി.ഐ.ഒ യും ഒന്നാം അപ്പീലധികാരിയും വിശദീകരണം നൽകണമെന്നുമായിരുന്നു ഉത്തരവിൽ പറഞ്ഞിരുന്നത്.

3. ഇതിൻപ്രകാരം ഒന്നാം എതിർകക്ഷി 06.11.2021 ലും രണ്ടാം എതിർകക്ഷി 02.11.2021 ലും കമ്മീഷന് വിശദീകരണം നൽകി. കമ്മീഷന്റെ ഉത്തരവനുസരിച്ച് അപ്പീൽ ഹർജിക്കാരന് രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പറഞ്ഞു. കമ്മീഷന്റെ ഉത്തരവിൽ പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി പരിശോധിച്ച് റിക്കാർഡുകൾ കണ്ടെത്തി അപ്പീൽ വാദിക്ക് നൽകാൻ എസ്.പി.ഐ.ഒ യ്ക്ക് അപ്പീൽ അധികാരി നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും, അപ്പീൽ തീർപ്പാക്കിയപ്പോഴും അപ്പീൽ വാദിക്ക് ഒരിക്കൽക്കൂടി ഫീസ് ഈടാക്കാതെ രേഖകൾ പരിശോധിക്കുന്നതിനുള്ള സമയം അറിയിച്ച് കൊടുക്കാൻ എസ്.പി.ഐ.ഒ യോട് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും, പരിശോധിക്കുന്ന പേജുകൾ, ആവശ്യപ്പെടുന്ന തീരുമാനത്തിന്റെ പകർപ്പുകൾ എന്നിവ അപ്പീൽ വാദിക്ക് സൗജന്യമായി നൽകാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയിരുന്നതാണെന്നും പരാമർശിത കാലയളവിലെ അപ്പീൽ അധികാരി പറഞ്ഞു.
മന:പൂർവ്വമല്ലാതെ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് മാപ്പാക്കണമെന്നും, താൻ 2015 ജൂലൈ 31 ന് സർവ്വീസിൽ നിന്ന് പെൻഷൻ പറ്റി പിരിഞ്ഞിട്ടുള്ളതാണെന്നും ടിയാൻ വിശദീകരണത്തിൽ പറയുന്നു.

4. എതിർകക്ഷികളുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 07.12.2021 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re